**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1700** **04-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂരിലെ കാലവർഷക്കെടുതിയും നഷ്ടപരിഹാരവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2023-24, 2024-25 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ ചെറുവണ്ണൂർ കൃഷി ഭവൻ പരിധിയിൽ അപ്രതീക്ഷിതമായുണ്ടായ കാലവർഷക്കെടുതിയിൽ കർഷകരുടെ വിളവെടുക്കാറായ വാഴകൃഷി പൂർണ്ണമായും നശിച്ചുപോയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | കാലവർഷക്കെടുതിയിൽ നശിച്ചുപോയ, മുൻകൂറായി ഇൻഷ്വർ ചെയ്യപ്പെട്ട പ്രസ്തുത വിളകൾക്ക് അർഹമായ ഇൻഷ്വറൻസ് നഷ്ടപരിഹാരം ലഭ്യമായിട്ടില്ലെന്ന പരാതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഏതെല്ലാം കർഷകരിൽ നിന്നാണ് പരാതി ലഭ്യമായിട്ടുള്ളതെന്നും ചെറുവണ്ണൂർ കൃഷി ഓഫീസർ ഇക്കാര്യത്തിൽ എന്തെങ്കിലും റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ടോയെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | ഇൻഷ്വർ ചെയ്ത വിളകളുടെ ഇൻഷ്വറൻസ് നഷ്ടപരിഹാരം ലഭ്യമായിട്ടില്ലെന്ന രേഖാമൂലമുള്ള പരാതി ലഭിച്ചിട്ടില്ല.<br><br>2023 മുതൽ 2025 കാലയളവിൽ വാഴ കർഷകർ വിള ഇൻഷ്വറൻസ് ആനുകൂല്യത്തിന് നൽകിയ അപേക്ഷകൾ കൃത്യമായിട്ടും സമയബന്ധിതമായിട്ടും കൃഷിഭവൻ തലത്തിൽ പരിശോധന നടത്തി എയിംസ് പോർട്ടൽ വഴി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിന് അംഗീകാരം നല്കിയിട്ടുള്ളതാണ്. 2023-24 വർഷത്തിൽ അർഹരായ മുഴുവൻ കർഷകർക്കും ഇൻഷ്വറൻസ് ആനുകൂല്യം നൽകിയിട്ടുണ്ട്. 2024-25 വർഷത്തിൽ ആകെ അനുവദിച്ച 1,66,350/- രൂപയിൽ 53,100/- രൂപ വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പേരാമ്പ്ര മണ്ഡലത്തിൽ 2023 മുതൽ 2025 വരെ കാലവർഷക്കെടുതിയിൽ വിള നഷ്ടപ്പെട്ട കർഷകർക്ക്, കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട ആനുകൂല്യം ലഭിക്കാത്തതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2023-24 വർഷത്തിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ 153 കർഷകർക്ക് പ്രകൃതിക്ഷോഭത്തിന്റെ നഷ്ടപരിഹാരത്തുകയായ 8,45,611/- രൂപ ഇനി നൽകുവാനുണ്ട്. 2024-25 വർഷത്തിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ 349 കർഷകർക്ക് പ്രകൃതിക്ഷോഭത്തിന്റെ നഷ്ടപരിഹാരത്തുകയായ 21,75,936/- രൂപ ഇനി |

| | | | |
|---|---|---|---|
| | | | നൽകുവാനുണ്ട്. കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ